മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

Article ID: MRK0017

# മാനവികതയുടെ സൗന്ദര്യം
# എം. ഗോവിന്ദന്റെ നാടകങ്ങളിലെ സമഗ്രദർശനം

**ഡോ. അനൂപ് വി.**

**പ്രബന്ധസംഗ്രഹം**

മലയാളസാഹിത്യത്തിൽ സവിശേഷരചനാശൈലി കൊണ്ടും ഭാഷാശൈലികൊണ്ടും വേറിട്ടു നിൽക്കുന്ന രചനകളാണ് എം.ഗോവിന്ദന്റേത്. താൻ ജീവിച്ചിരുന്ന കാലഘട്ടത്തിലെ ഭാവുകത്വത്തോടും ഭാഷാവ്യവഹാരത്തോടും നിരന്തരമായ ഇടച്ചിലുകളിലൂടെ നടത്തിയ സർഗ്ഗാത്മകകലാപങ്ങളായിരുന്നു അദ്ദേഹത്തിന്റെ രചനകളെല്ലാം തന്നെ എന്നു കാണാം. സമഗ്രമായ ലോകബോധവും മാനവികതയിലൂന്നിയ ദർശനവും അദ്ദേഹത്തിന്റെ രചനകളെ സമകാലികരായിരുന്ന സാഹിത്യകാരന്മാരിൽ നിന്നും വ്യത്യസ്തനാക്കുന്നുണ്ട്. മാനവികതയിലൂന്നിയ ഗോവിന്ദന്റെ സമഗ്രദർശനമാണ് അദ്ദേഹത്തിന്റെ രചനകളുടെ കാതലെന്ന ആശയം അദ്ദേഹത്തിന്റെ നാടകരചനകളെ മുൻനിർത്തി പരിശോധിക്കുവാനാണ് ഈ പ്രബന്ധത്തിൽ ശ്രമിക്കുന്നത്.

**താക്കോൽ വാക്കുകൾ:**

ഭാവുകത്വം – മാനവികതാവാദം – സമഗ്രദർശനം – ആധുനികത

..........................................................................................................................................................................................

കാലത്തിനു മുമ്പേസഞ്ചരിച്ച രചനകളാണ് എം. ഗോവിന്ദന്റേത്. മലയാളസാഹിത്യശാഖയിലെ പുതുപ്രവണതകളുടെ പ്രോദ്ഘാടകനും പ്രോത്സാഹകനുമായിരുന്ന അദ്ദേഹം പലപ്പോഴും കേസരിയെപ്പോലെ ഒരു ഗുരുപരിവേഷവും കൈവരിച്ചിരുന്നു. കവിതയിലും കഥയിലുമെല്ലാം അദ്ദേഹം നടത്തിയ പരീക്ഷണങ്ങൾ പിൽക്കാലത്ത് വായിക്കപ്പെടാനുള്ള ആന്തരികോർജ്ജം നിലനിർത്തിയിരുന്നപ്പോഴും അക്കാലത്തെ ഭാവുകത്വവും രചനാശൈലിയുമായി പലതരത്തിൽ വിച്ഛേദിച്ചു നിന്നിരുന്നു. ഈ സവിശേഷമായ വിച്ഛേദം അത്രകണ്ട് വിശകലനം ചെയ്യപ്പെടാതെപോയ അദ്ദേഹത്തിന്റെ നാടകങ്ങളിലും കണ്ടെത്താം. മലയാളനാടകവേദിയിൽ ആധുനികതയുടെ അടയാളങ്ങൾ കോറിയിട്ട സി.ജെ തോമസ്സിന്റേയും ശ്രീകണ്ഠൻനായരുടെയും രചനകൾക്കു മുമ്പേ പിറന്ന ഗോവിന്ദന്റെ നാടകങ്ങൾ ചില സവിശേഷസ്വഭാവങ്ങൾ പ്രകടിപ്പിക്കുന്നുണ്ട്. മനുഷ്യത്വവിരുദ്ധമായ യുദ്ധമുൾപ്പടെയുള്ള സാർവ്വലോകാശയങ്ങളെ മാനവികതാവാദത്തിന്റെ പശ്ചാത്തലത്തിൽ അവതരിപ്പിക്കുകയും രൂപപരമായി സവിശേഷസ്വഭാവം പ്രകടിപ്പിക്കുകയും ചെയ്ത എം.ഗോവിന്ദന്റെ നാടകങ്ങൾ മലയാളത്തിലെ നാടകചരിത്രത്തിൽ സവിശേഷസ്ഥാനമർഹിക്കുന്നുണ്ട്.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

മദിരാശിയിൽ ജീവിച്ച്, മാസികകളിലൂടെയും സൗഹൃദസദസ്സുകളിലൂടെയും സർഗ്ഗാത്മക രചനകളിലൂടെയും അദ്ദേഹം നടത്തിയ ധൈഷണികപ്രവർത്തനങ്ങൾ ആധുനികമലയാള സാഹിത്യത്തിലെ എല്ലാ സാഹിത്യരൂപങ്ങളിലേയും ഭാവുകത്വപരിണാമത്തെ രൂപപ്പെടുത്തുന്നതിൽ വളരെ പങ്കുവഹിച്ചിട്ടുണ്ട്. അക്കാലഘട്ടത്തിലെ മലയാളത്തിലെ പ്രധാനസാഹിത്യമേഖലകളിലെല്ലാം തന്നെ ഒരേ സമയം സർഗ്ഗാത്മകമായും ധൈഷണികമായും ഇടപെടുവാൻ എം.ഗോവിന്ദനു സാധിച്ചിട്ടുണ്ട് എന്നത് ശ്രദ്ധേയമാണ്. എം. ഗോവിന്ദന്റെ ഉപന്യാസങ്ങളെപ്പറ്റിയും കാവ്യങ്ങളെപ്പറ്റിയും വലിയതരത്തിലുള്ള വിശകലങ്ങൾ നടന്നിട്ടുണ്ടെങ്കിലും അദ്ദേഹത്തിന്റെ സർഗ്ഗാത്മകജീവിതത്തെ സംബന്ധിച്ചുള്ള ചർച്ചകളിൽ അധികമൊന്നും വിലയിരുത്തപ്പെടാതെ പോയിട്ടുള്ളതാണ് നാടകരചനകൾ.

'നീ മനുഷ്യനെ കൊല്ലരുത്' (1954), 'ഒസ്യത്ത്' (1957), 'ചൈത്താനും മനുഷ്യനും' (1959) എന്നിവയാണ് എം. ഗോവിന്ദന്റെ നാടകരചനകൾ. സി.ജെ തോമസ്സിന്റെ മരണാനന്തരം ഉയർന്നുവന്ന (1961 ന് ശേഷം) നാടകചർച്ചകളും തനത് നാടകപ്രസ്ഥാനത്തിന്റെ രൂപീകരണവും സാധ്യമാക്കിയ പുതുനാടകപ്രവർത്തനങ്ങളിലെ ധൈഷണികമായ ഇടപെടൽ എന്ന നിലയ്ക്കാണ് ഗോവിന്ദന്റെ നാടകപ്രവർത്തനങ്ങൾ വിലയിരുത്തപ്പെട്ടിട്ടുള്ളത്. എന്നാൽ അദ്ദേഹത്തിന്റെ സർഗ്ഗാത്മകരചനകൾ മൂന്നും പ്രസിദ്ധീകരിക്കപ്പെടുന്നത് ഇതിനും ഏറെ മുമ്പ് അമ്പതുകളിലാണ്.
ആയിരത്തിതൊള്ളായിരത്തി അമ്പതുകൾ ആവുമ്പോഴേക്കും മലയാളനാടകവേദിയിൽ ക്രിയാത്മകമായ പല ചലനങ്ങളും നടന്നുകഴിഞ്ഞിരുന്നതായി കാണാം. ഗതാനുഗതികത്വത്തിൽ നിന്ന് വിട്ടുതൽ നേടി മലയാളനാടകവേദി സാമൂഹികമായും രാഷ്ട്രീയമായും ഉണർവ്വ് നേടിയിരുന്നു (എം.ഗോവിന്ദൻ,1993:218)1. സി.ജെ തോമസ്സിന്റെ ആ മനുഷ്യൻ നീ തന്നെ എന്ന നാടകവും ഇടശ്ശേരിയുടെ കൂട്ടുകൃഷി എന്ന നാടകവും വന്ന 1949ൽ തന്നെയാണ് എം. ഗോവിന്ദന്റെ നീ മനുഷ്യനെ കൊല്ലരുത് എന്ന നാടകവും പ്രസിദ്ധീകരിക്കുന്നത്. മലയാളനാടകത്തിന്റെ പുതുഭാവുകത്വത്തെ ശില്പപരമായും ആശയപരമായും കുറേക്കൂടി മുന്നോട്ടുകൊണ്ടുപോകുവാൻ ആ നാടകത്തിനാവുന്നുണ്ട്.

1949 ലാണ് നീ മനുഷ്യനെ കൊല്ലരുത് എന്ന നാടകത്തിന്റെ രചനയെങ്കിലും അതിന്റെ ആദ്യ പതിപ്പ് പ്രസിദ്ധീകരിക്കുന്നത് 1954 ൽ ആണ്. മൂന്നുവർഷത്തിനുള്ളിൽ തന്നെ ഈ നാടകത്തിന്റെ രണ്ടാംപതിപ്പും പ്രസിദ്ധീകൃതമായി. രംഗാവതരണത്തിനുശേഷമുണ്ടായിട്ടുള്ള അഭിപ്രായങ്ങളും പ്രത്യേകിച്ച് സി.ജെ തോമസ്സിന്റെ നിരീക്ഷണവും എല്ലാം പരിഗണിച്ചുള്ള ഭേദഗതിയോടെയാണ് പുസ്തകപതിപ്പ് പ്രസിദ്ധീകരിക്കുന്നത് (എം കെ സാനു,2002 : 141)2. എം. ഗോവിന്ദന്റെ ഈ നാടകം വേണ്ടവിധത്തിൽ ശ്രദ്ധിക്കപ്പെടാതെപോയി എന്ന് മലയാളനാടകസാഹിത്യചരിത്രകാരന്മാരെല്ലാവരും വിലയിരുത്തിയിട്ടുണ്ട്.

യുദ്ധം എന്ന ആശയത്തെ സമഗ്രമായ മാനവികതാവാദത്തിന്റെ പശ്ചാത്തലത്തിൽ പരിശോധിയ്ക്കുന്ന ഒന്നാണ് ഈ നാടകത്തിന്റെ ആശയതലം. സമകാലികാന്തരീക്ഷത്തിൽ ഈ കൃതി പലപ്രകാരത്തിലും പുനർവായനയ്ക്കുള്ള സാധ്യതകൾ നല്കുന്നുണ്ട്. യുദ്ധമെന്ന സാർവ്വലൗകികമായ ആശയത്തെ പ്രതിരോധിക്കുവാൻ മാനവികതയുടെ സമഗ്രദർശനങ്ങൾക്കു മാത്രമേ സാധ്യമാവൂ എന്ന് ആ കൃതി അടയാളപ്പെടുത്തുന്നു. ദാർശിനകമായ ആ സമഗ്രതയിലാണ് പുതുക്കപ്പെടുന്ന കാലത്തിലും കൃതി വീണ്ടും വായിക്കപ്പെടുന്നത്.

ഒരു നിഴൽഅങ്കമുൾപ്പടെ നാലു അങ്കങ്ങൾ ചേർന്ന ശില്പഘടനയാണ് ഈ നാടകത്തിന്റേത്. യുദ്ധമെന്ന ആശയത്തേയും മനുഷ്യചരിത്രത്തിൽ അതിന്റെ ഇടപെടലുകളേയും ആശയപരമായും (Ideologically) യഥാതഥപരമായും (Realistic) ആവിഷ്ക്കരിക്കുന്ന ഈ നാടകത്തിൽ അധികാരി എന്ന പ്രധാന കഥാപാത്രമുൾപ്പെടെ ഒമ്പത് കഥപാത്രങ്ങളാണുള്ളത്. അധികാരി (ഭരണവർഗ്ഗത്തിന്റെ / യുദ്ധമാഗ്രഹിക്കുന്നവരുടെ പ്രതിനിധി) എന്ന കേന്ദ്രകഥാപാത്രത്തിലൂടെയും അതിനെ ഉപജീവിച്ചുള്ള സംഭവപരമ്പരകളിലൂടെയുമാണ് ഈ നാടകം മുന്നോട്ടുപോകുന്നത്. അതുകൊണ്ടുതന്നെയാകാം ഏകകഥാപാത്രകേന്ദ്രീകൃതമായ നാടകമാണിതെന്ന് സി.ജെ തോമസ്സ് ഇതിനെ വിമർശിച്ചിട്ടുള്ളത്.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

പെരുമാക്കന്മാരുടെ സേനാനായകനായ മാനവിക്രമന്റെ പുരാവൃത്തം നിഴൽ രംഗമാക്കിയാണ് അദ്ദേഹത്തിന്റെ പാരമ്പരയിലുള്ള അധികാരി എന്ന കഥാപാത്രത്തിലേക്ക് നാടകം പ്രവേശിക്കുന്നത്. നിഴൽ നിന്ന് ആദ്യരംഗത്തിലേക്കുനീളുന്ന നാടകത്തിന്റെ സാർവ്വസൗകികപ്രമേയം സമകാലിക യുദ്ധപരമ്പരകളിലേക്കും നീട്ടാവുന്നതാണ്. ആദ്യരംഗത്തിനൊടുവിൽ പട്ടാളത്തിലേക്ക് ആളുകളെ ചേർക്കുന്നതിന് ആഹ്വാനം ചെയ്യുന്ന സമ്മേളനത്തിന്റെ അറിയിപ്പാണ്. ആ രംഗത്തിനുശേഷം പട്ടാളത്തിലേക്ക് ആളുകളെ ആകർഷിക്കുന്ന കവിതകളും
"ആർമിയിൽ നിങ്ങൾ ചേർന്നോളിൻ
പട്ടിണിയില്ലാതാവൂലോ
മാസാമാസം മണിയോർഡർ
ആർമ്മിയിൽ നിങ്ങൾ ജോയിൻ സാർ" (എം. ഗോവിന്ദൻ,1957 : 29)
ക്ലാസുകളുമൊക്കെയുള്ള രണ്ടാം രംഗമാണ്. ഈ രംഗങ്ങൾ ഒരേ സമയം ഹാസ്യാത്മകവും അതിലുൾച്ചേർന്നിരിക്കുന്ന ഭീതിദമായ അവസ്ഥയെ വെളിപ്പെടുത്തുന്നതുമാണ്. ഈ രംഗത്തിന് ഒടുവിൽ ആദ്യമകനെ യുദ്ധത്തിൽ നഷ്ടപ്പെട്ട അധികാരി രണ്ടാമത്തെ മകനെയും കൂടി സൈന്യത്തിൽ ചേർക്കുവാൻ ഒരുങ്ങുന്ന കാഴ്ചയാണ്. മാനവിക്രമന്റെ പാരമ്പര്യം എന്ന ബാധ്യതയുടെ കൂടി ഫലമാണിതെന്നുകാണാം.

അധികാരിയുടെ യുദ്ധാവേശവും പാരമ്പര്യബോധവും നിമിത്തം അവഗണിക്കപ്പെടുന്നവരാണ് ഭാര്യ, മകൻ, മകൾ എന്നീ കഥാപാത്രങ്ങൾ. കുടുംബകാര്യങ്ങളും കാർഷികകാര്യങ്ങളും പാടെ മറന്ന അധികാരി കൃഷികാര്യങ്ങൾ നോക്കുവാനായി നിയമിച്ച കാര്യസ്ഥനിൽ നിന്നും കേൾക്കുന്ന വെളിപ്പെടുത്തലുകൾ നാടകത്തെ അത്യന്തം സംഘർഷഭരിതമാക്കുന്നു. പട്ടാളത്തിൽ നിന്നും വിരമിച്ച ആ കാര്യസ്ഥൻ അധികാരിയുടെ മൂത്തമകന്റെ മരണരഹസ്യം വെളിപ്പെടുത്തുന്നു. മനുഷ്യനെ കൊന്നു മടുത്ത് തോക്ക് വലിച്ചെറിഞ്ഞ ആയാളെ സൈനികഅധികാരികൾ കൊല്ലുകയായിരുന്നു. മാത്രവുമല്ല തന്റെ മകൾ കാര്യസ്ഥനിൽ നിന്ന് ഗർഭിണിയാണെന്നതുകൂടി അറിയുന്നതോടെ പരാജിതനും പാരമ്പര്യാഭിമാനിയുമായ അധികാരിയുടെ ദുരന്തംപൂർണ്ണമാക്കിക്കൊണ്ട് യുദ്ധത്തിൽ നഷ്ടപ്പെട്ട കാലുമായി ഇളയമകനുമെത്തുന്നു. ഈ ആഘാതത്തിൽനിന്ന് വിടുതൽ നേടിയ അധികാരി ഒടുവിൽ മൂത്തമകനെപ്പോലെ തോക്ക് വലിച്ചെറിയുന്നിടത്താണ് ഈ നാടകം അവസാനിക്കുന്നത്.

യുദ്ധമെന്ന സാർവ്വലൗകികാശയത്തെ എം.ഗോവിന്ദൻ പരിചരിച്ച രീതിയാണ് ഈ നാടകത്തെ പ്രസക്തമാക്കുന്നത്. എക്കാലത്തും മാനവരാശിക്ക് ദുരന്തമുഖങ്ങൾ നല്കുവാൻ മാത്രം പ്രാപ്തിയുള്ള ആക്രമണങ്ങൾ പലപ്പോഴും പാരമ്പര്യബാധ്യതകളുടെ (മതത്തിന്റെയാവാം അധികാരത്തിന്റെയാവാം) മാനവരാശിയെ പിടിച്ചുലക്കുമ്പോൾ സമഗ്രമായ മാനവികതയിലൂടെ ആയുധങ്ങൾ വലിച്ചെറിഞ്ഞു പുതിയലോകത്തിലേക്ക് പ്രവേശിക്കുന്ന അധികാരിയിലൂടെ ഗോവിന്ദൻ തന്റെ കാവ്യലോകത്തിലുടനീളം മുന്നോട്ടുവച്ച മാനവികദർശനം ഇവിടെയും മുറകെപിടിക്കുന്നതായികാണാം.
മലയാളത്തിലെ ആദ്യത്തെ ദുരന്തകഥാപാത്രമെന്ന് സി.ജെ തോമസ്സ് വിശേഷിപ്പിച്ച അധികാരിയുടെ ദുരന്തപൂർണ്ണവും സംഘട്ടനാത്മകവുമായ ജീവിതാവിഷ്ക്കാരത്തിലൂടെ കൊരുത്തെടുത്ത നീ മനുഷ്യനെ കൊല്ലരുത് എന്ന നാടകം രൂപതലത്തിലും ആശയതലത്തിലും മലയാളനാടകവേദിയിൽ ഒറ്റപ്പെട്ടു നിൽക്കുന്നു ; അതിന് തുടർച്ചകളുണ്ടായില്ല എന്നർത്ഥം. അതിനാലാണ് എം.കെ സാനു ചിന്തകനായ ഒരു എഴുത്തുകാരൻ തന്റെ വീക്ഷണത്തിന് സ്ഥിരീകരണം നൽകുവാൻ സർഗ്ഗാത്മകമായി പരിശ്രമിച്ചതിന്റെ ഫലമത്രെ 'നീ മനുഷ്യനെ കൊല്ലരുത്'. ആ വഴിക്ക് തുടർന്നിരുന്നുവെങ്കിൽ എം.ഗോവിന്ദന് ഏറെ പ്രൗഢിയുള്ള നാടകങ്ങൾ കൈരളിയ്ക്ക് സംഭാവന ചെയ്യുവാൻ കഴിഞ്ഞേനെ. ചിന്തയും നാടകീയതയും സമ്മേളിക്കുന്നിടത്ത് പ്രൗഢിയുളവാകാതെ തരമില്ല (എം.കെ സാനു ,2002: 149) എന്ന് നിരീക്ഷിക്കുന്നത്.

ആയിരത്തിതൊള്ളായിരത്തി അമ്പത്തേഴിൽ പുറത്തുവന്ന ഒസ്യത്ത് ആണ് എം. ഗോവിന്ദന്റെ രണ്ടാമത്തെ നാടകം. പാശ്ചാത്യനാടകത്തെ മുൻനിർത്തി എഴുതിയ ഈ നാടകത്തിലെ പ്രമേയം കുടുംബബന്ധത്തിൽ വിള്ളൽവീഴ്ത്തുന്ന സ്വാർത്ഥതയും സ്വത്ത് മോഹവുമൊക്കെയാണ്. കഥാനായകന്റെ സ്വത്ത് വീതം വയ്ക്കുന്നതിലെ തർക്കങ്ങളും ദുഖം കാണിക്കുന്നതിലെ വ്യഗ്രതയും ഒടുക്കം ആയാൾ ജീവിച്ചിരിക്കുന്നുവെന്നറിയുമ്പോൾ ഒരുക്കുന്ന ഫലിതസാഹചര്യവും സംഘർഷവും ഈ കൃതിയ്ക്ക് നാടകീയാംശങ്ങൾ നൽകുന്നുണ്ടെന്നതൊഴിച്ചാൽ അത്രകണ്ട് വിശകലനസാധ്യതകൾ നൽകുന്ന ഒരു നാടകമാണിത് എന്ന് പറയാനാവില്ല. നാടകത്തിലെ കേന്ദ്രകഥാപാത്രമായ

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

പങ്ങശ്ശമേനോന്റെ മരണത്തെത്തുടർന്ന് വിലാപകാവ്യത്തിന് വട്ടംകൂട്ടുന്ന മക്കളും മരുമക്കളും ചേർന്ന് നടത്തുന്ന ചർച്ചകൾ അക്കാലത്തെ സാഹിത്യസമീപനങ്ങൾക്ക് നേരെയുള്ള വിമർശനം കൂടിയാവുന്നുണ്ട് എന്നത് ശ്രദ്ധേയമാണ്.

മനുഷ്യനും അവനുള്ളിൽ തന്നെ കുടിയിരിക്കുന്ന ചെകുത്താനും ബൈബിൾ കഥയുടെ പശ്ചാത്തലത്തിൽ അവതരിപ്പിക്കുന്ന ഗോവിന്ദന്റെ ചൈത്താനും മനുഷ്യനും എന്ന മൂന്നാമത്തെ നാടകം പ്രസിദ്ധീകരിക്കുന്നത് 1959 ൽ ആണ്. കവിതകളിലൂടെ സ്വതന്ത്രമായ മിത്ത് വാർത്തെടുക്കുവാൻ ഗോവിന്ദൻ നടത്തിയ ശ്രമങ്ങളുടെ തുടക്കമോ തുടർച്ചയോ ഈ നാടകത്തിലും കാണാം. ഗായകസംഘങ്ങളുടെ ഗീതങ്ങളും ഇതിവൃത്തത്തിലെ ഗദ്യാഖ്യാനങ്ങളും ഇടകലർത്തി നിർമ്മിക്കപ്പെട്ട ഈ നാടകത്തിന്റെ ഘടന മലയാളനാടകവേദിയിലതുവരെ പരീക്ഷിക്കപ്പെടാത്ത ഒന്നായിരുന്നു. ആശയതലത്തിൽ ഗോവിന്ദന്റെ കൃതികളിൽ മുന്നിട്ടുനില്ക്കുന്ന സമഗ്രമായ മാനവികതാവാദത്തിന്റെ അടിയടരുകൾ കുറച്ചുകൂടി പ്രകടമായി കാണാം.

നാടകത്തിലെ ക്രിയാംശത്തിലധികവും ഗായകസംഘമാണ് നിർവഹിക്കുന്നത്. ബൈബിൾ പഴയനിയമത്തിലെ കഥ ശീലുകളാക്കി ഗായകസംഘം നിർവചിച്ചെടുക്കുന്ന 'മനുഷ്യൻ' എന്ന സങ്കൽപത്തിലാണ് ആദ്യരംഗം അവസാനിക്കുന്നത്. രണ്ടാം രംഗത്തിൽ ജീവിതത്തിലെ പൊരുത്തക്കേടുകളുടെ വിരസതകളിൽ ഉഴലുന്ന സാറാമ്മ – എബ്രഹാം ദമ്പതിമാർക്കിടയിൽ സംഗീതം പൊഴിച്ചുകൊണ്ടെത്തുന്ന സുലൈമാൻ എന്ന മനുഷ്യനിലൂടെ അവരുടെ ജീവിതം പ്രതീക്ഷയിലേക്ക് ഉയർത്തപ്പെടുന്നു. മനുഷ്യൻ എന്ന മഹത്തായ സങ്കല്പത്തെ സംബന്ധിച്ച് ഗോവിന്ദനുണ്ടായിരുന്ന ധാരണകളുടെ നാടകരൂപമാണിത് എന്നുപറയാം. രൂപപരമായ പരീക്ഷണമായിരുന്നുവെന്നതിനാൽ തന്നെ മലയാളനാടകചരിത്രത്തിലെ ഒറ്റപ്പെട്ട ഒന്നായി ഈ നാടകവും അവശേഷിക്കുന്നു.

**ഉപസംഹാരം**

ഒറ്റപ്പെട്ടതും വ്യതിരിക്തവുമായ സ്വഭാവങ്ങൾ പ്രകടിപ്പിക്കുന്ന എം. ഗോവിന്ദന്റെ നാടകങ്ങൾ അവ അർഹിക്കുന്ന വിധത്തിൽ നിരൂപണശ്രദ്ധനേടിയില്ല. എങ്കിലും മലയാളനാടകവേദിയുടെ ഭാവുകത്വപരിണാമത്തിൽ ക്രിയാത്മകമായ പങ്കുവഹിക്കുവാൻ ഗോവിന്ദൻ എന്ന നാടകകൃത്തിന് സാധിച്ചിട്ടുണ്ട്. കുത്താട്ടുകളത്തെ നാടകകളരിയിൽ നിന്നാരംഭിക്കുന്ന ആധുനികനാടകവേദിയുടെ പരിഷ്ക്കരണങ്ങളിൽ കരുത്തായി നില്ക്കുമ്പോഴും അദ്ദേഹത്തിന്റെ സർഗ്ഗാത്മകരചനകൾ എന്തുകൊണ്ട് ശ്രദ്ധിക്കപ്പെടാതെപോയി എന്നത് അത്ഭുതമാണ്. എം. ഗോവിന്ദന്റെ, എക്കാലത്തും ചർച്ചചെയ്യപ്പെടുന്ന ദൈഷണികമായ ആശയങ്ങളുടെ സാന്നിധ്യവും ഈ നാടകങ്ങളിൽ കാണാം. രൂപതലത്തിലും ആശയതലത്തിലും പരീക്ഷണങ്ങളായിരുന്ന ആ നാടകങ്ങളിൽ ഗോവിന്ദൻ എക്കാലത്തും മുന്നോട്ടുവച്ച സമഗ്രമായ മാനവികതയുടെ പ്രതിഫലനങ്ങൾ കണ്ടെത്താവുന്നതാണ്. ആ മാനവികതയുടെ സൗന്ദര്യമാണ് ഈ കൃതികളെ പ്രസക്തമാക്കുന്നത്.

**കുറിപ്പുകൾ**

1. ഗോവിന്ദന്റെ നാടകങ്ങളെപ്പറ്റി പറയുന്ന വി.കെ പ്രഭാകരൻ "ആയിരത്തിതൊള്ളായിരത്തി അമ്പതാകുമ്പോഴേക്കും .............വി.ടി ഭട്ടതിരിപ്പാടിന്റെ 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്', എൻ. കൃഷ്ണപിള്ളയുടെ 'ഭഗ്നഭവനം' തുടങ്ങിയ പ്രഖ്യാതനാടകങ്ങൾ എഴുതപ്പെടുകയും അതത് രംഗങ്ങളിൽ ശക്തമായ ചലനങ്ങൾ ഉരുവാകുകയും ചെയ്തിരുന്നു" എന്ന് നിരീക്ഷിക്കുന്നുണ്ട്.
2. എം കെ സാനുവിന്റെ എം. ഗോവിന്ദൻ എന്ന പുസ്തകത്തിൽ ഗോവിന്ദന്റെ തന്നെ വാക്കുകൾ ഉദ്ധരിക്കുന്നുണ്ട്: "ഈ നാടകത്തിന്റെ ഉടലിലും ഉയിരിലിലുമെന്നുതന്നെ പറയട്ടെ, വ്യത്യാസങ്ങൾ വരുത്തുന്നതിനുതകിയ നിരൂപണം കൊണ്ട് എന്നെ സഹായിച്ച രണ്ടുപേരെ എനിക്ക് എടുത്തുപറയാതിരിക്കുവാൻ ഗത്യന്തരമില്ല. മിസ്റ്റർ സി.ജെ തോമസ്സ്, ആനന്ദകുട്ടൻ എന്നിവർ."

**ഗ്രന്ഥസൂചി**

1. ഗോവിന്ദൻ, എം, ഒസ്യേത്ത്. കോട്ടയം : നാഷണൽ ബുക് സ്റ്റാൾ,1957.

2. ഗോവിന്ദൻ, എം, ചൈത്താനും മനുഷ്യനും. കോട്ടയം : നാഷണൽ ബുക് സ്റ്റാൾ,1957.
3. ഗോവിന്ദൻ, എം, നീ മനുഷ്യനെ കൊല്ലരുത്. കോട്ടയം : നാഷണൽ ബുക് സ്റ്റാൾ, 1957.
4. തോമസ് സി.ജെ, ധിക്കാരിയുടെ കാതൽ. കോട്ടയം : നാഷണൽ ബുക് സ്റ്റാൾ, 2015.
5. സാനു എം.കെ , എം.ഗോവിന്ദൻ. കോട്ടയം : ഡി.സി ബുക്സ്, 2002.

**ആനുകാലികങ്ങൾ**

1. എം. ഗോവിന്ദൻ സ്മരണിക, മലയാള കലാഗ്രാമം– ന്യൂ മാഹി, 1993 ആഗസ്റ്റ്.

About the researcher:
ഡോ. അനൂപ് വി.
അസിസ്റ്റന്റ് പ്രൊഫസർ
മലയാളവിഭാഗം
ശ്രീ ശങ്കരവിദ്യാപീഠം കോളേജ്
വളയൻചിറങ്ങര

Email: anoopvellani@gmail.com
Mob: 8547009793